ധനം BUSINESS MAGAZINE

MANAGEMENT
മാനേജ്മെന്റ്



ടിനി ഫിലിപ്പ്

**The Contrarian Consultant**

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

## ആഗോള പ്രവചന മാതൃക (ഭാഗം-2)

# ഉയർന്ന കറന്റ് അക്കൗണ്ട് കമ്മി സമ്പദ്‌വ്യവസ്ഥയെ എങ്ങനെ ബാധിക്കും?

### ആഗോള പ്രവചന മാതൃകയിലൂടെ ആഗോളതലത്തിലെ പ്രവണതകൾ മനസിലാക്കാം

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആഗോള വ്യാപാര യുദ്ധം ആരംഭിച്ചതിന് ശേഷം എനിക്കറിയാവുന്ന ബിസിനസുകാരെല്ലാം ആഗോള സമ്പദ്‌വ്യവസ്ഥയെ കുറിച്ച് ആശങ്കാകുലരാണ്. എന്താണ് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നതെന്നും അത് എന്തുകൊണ്ട് സംഭവിക്കുന്നുവെന്നും അറിയേണ്ടത് ഓരോ സംരംഭകനെ സംബന്ധിച്ചും വളരെ പ്രധാനമാണ്. ഭാവിയിൽ സംഭവിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പ്രവചിക്കാൻ കഴിയുകയും വേണം. അതിലൂടെ ഭാവിയിലെ നിലനിൽപ്പും വിജയവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ സാധിക്കും.

എന്റെ പല ക്ലയന്റുകളും ഈ പ്രശ്നത്തെ കുറിച്ച് എന്നോട് ചോദിക്കാറുണ്ട്. ഇതിനായി ഞാൻ ആഗോള പ്രവചന മാതൃക (The Global Prediction Model) സൃഷ്ടിച്ചിട്ടുണ്ട്. എന്താണ് സംഭവിക്കുന്നതെന്നും എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്നും മനസിലാക്കാൻ എനിക്ക് ഈ മാതൃക പ്രയോജനപ്പെടും. മാത്രമല്ല, ഭാവിയിലെ സാധ്യതകൾ പ്രവചിക്കാനും അതെന്നെ സഹായിക്കുന്നു.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്ന ആഗോള പ്രവചന മാതൃകയെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്- കാരണങ്ങൾ, നടപടികൾ, ഫലങ്ങൾ.

*Figure 1: Global Prediction Model*




ട്രംപ് ഭരണകൂടം നടപ്പിലാക്കുന്ന യുഎസ് നയങ്ങളാണ് മിക്ക മാറ്റങ്ങളെയും നയിക്കുന്നത് എന്നതിനാൽ ഈ മോഡലിൽ ഞാൻ യുഎസ് കേന്ദ്രീകൃത വീക്ഷണമാണ് സ്വീകരിച്ചത്. റേ ഡാലിയോ മുന്നോട്ട് വെച്ച ആഗോള പ്രവചന മാതൃകയ്ക്ക് പ്രധാന കാരണമായ ഗ്രേറ്റ് പവർ സൈക്കിളിനെ കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വിശദമാക്കിയിരുന്നു.

ചിത്രം ഒന്നിൽ കാണിച്ചിരിക്കുന്നതു പോലെ ആഗോള പ്രവചന മാതൃകയിലെ വ്യത്യസ്ത കാരണങ്ങളെ കുറിച്ച് വിശദമാക്കാം.

യുഎസിന്റെ ഉയർന്ന കറന്റ് അക്കൗണ്ട് കമ്മി (CAD) യിൽ നിന്ന് ആരംഭിക്കാം. എന്താണ് കറന്റ് അക്കൗണ്ട് കമ്മി? ഒരു രാജ്യം കയറ്റുമതിയിൽ നിന്നും മറ്റ് വരുമാന സ്രോതസുകളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ സാധനങ്ങളുടെയും സേവനങ്ങളുടെയും ഇറക്കുമതിക്കായി ചെലവഴിക്കുമ്പോഴാണ് കറന്റ് അക്കൗണ്ട് കമ്മി സംഭവിക്കുന്നത്.

ചിത്രം രണ്ടിൽ കാണുന്നതു പോലെ പ്രധാന വികസിത-വികസ്വര സമ്പദ്‌വ്യവസ്ഥകളിൽ വെച്ച് ഏറ്റവും കൂടിയ കറന്റ് അക്കൗണ്ട് കമ്മിയാണ് യുഎസിന്റേത്.



*Figure 2: Current Account Deficit as a % of GDP for Major Economies*




യുഎസ് കറന്റ് അക്കൗണ്ട് കമ്മി അടുത്തിടെ ജിഡിപിയുടെ 3.9 ശതമാനത്തിലേക്ക് ഉയർന്നിരുന്നു. ചിത്രം മൂന്നിൽ കാണിച്ചിരിക്കുന്നതു പോലെ കോവിഡ് കാലഘട്ടത്തിന് ശേഷമുള്ള ഏറ്റവും മോശം അവസ്ഥയാണിത്.

വലിയ കമ്മി എന്നതിനേക്കാൾ ആശങ്ക ഉയർത്തുന്നതാണ് സ്ഥിരമായി തുടരുന്ന വലിയ കമ്മി എന്നത്. ചിത്രം മൂന്ന് കാണുക.

*Figure 3: US Current Account Deficit as a % of GDP*




സ്ഥിരമായ ഈ കറന്റ് അക്കൗണ്ട് കമ്മി നികത്തുന്നതിനായി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി വിദേശികൾ യുഎസ് കടപ്പത്രങ്ങൾ പോലുള്ള ബാധ്യതകൾ സ്ഥിരമായി വാങ്ങിക്കൊണ്ടിരിക്കുകയാണ്. ചിത്രം നാല് കാണുക.

*Figure 4: Foreign Ownership of US Liabilities ($ Trillion)*




ചിത്രം നാലിൽ കാണിച്ചിരിക്കുന്നതു പോലെ 2024ന്റെ അവസാനത്തോടെ ഈ ബാധ്യതകൾ 62 ലക്ഷം കോടി ഡോളറിലെത്തിയിരുന്നു. യുഎസിന്റെ 2024ലെ വാർഷിക ജിഡിപിയായ 29.15 ലക്ഷം കോടി ഡോളറിന്റെ ഇരട്ടിയിലേറെ വരുമിത്.

സ്ഥിരമായ ഉയർന്ന കറന്റ് അക്കൗണ്ട് കമ്മി ഉൽപ്പാദന മേഖലയെ ബാധിക്കുകയും ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടാൻ കാരണമാകുകയും ചെയ്യുന്നുണ്ടെന്ന് ദി റിപ്പബ്ലിക്കൻ പാർട്ടി ആശങ്കപ്പെടുന്നു. ചിത്രം അഞ്ച് കാണുക. സ്റ്റീൽ, അലുമിനിയം, കപ്പൽ നിർമാണം തുടങ്ങിയ പ്രധാനപ്പെട്ട മേഖലകളുടെ തകർച്ചയ്ക്കും ഇത് കാരണമായി.

*Figure 5: Manufacturing Employment in the USA (Employment in '000s)*




വിദേശികൾക്ക് തങ്ങൾ വളരെയേറെ യുഎസ് ബാധ്യതകൾ കൈവശം വെച്ചിരിക്കുന്നു എന്ന തോന്നൽ ഉണ്ടാവുകയും അവർ യുഎസ് ഡോളറിന് നേരെ മുഖം തിരിക്കുകയും ചെയ്താൽ അതിന്റെ റിസർവ് കറൻസി എന്ന സ്റ്റാറ്റസ് നഷ്ടപ്പെടുമെന്നതാണ് മറ്റൊരു ആശങ്ക.

ആഗോള പ്രവചന മാതൃക സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ അടുത്ത ലക്കത്തിൽ. ■